**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 900** **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസ ഉന്നമനവും സമഗ്ര പുരോഗതിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ പത്ത് വർഷമായി സംസ്ഥാന സർക്കാർ നൽകിയ സുരക്ഷിതത്വബോധവും ആത്മവിശ്വാസവും പട്ടികവർഗ്ഗ വിഭാഗത്തിന്റെ സർവതോന്മുഖമായ പുരോഗതിയിൽ എത്രത്തോളം നിർണായകമായ പങ്കുവഹിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്.<br><br>കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, തൊഴിൽ, സംസ്കാരം, ആരോഗ്യം തുടങ്ങി എല്ലാ തലങ്ങളിലും സർവ്വതോന്മുഖമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>പരമ്പരാഗത രീതിയിൽ നിന്നും മാറി ആധുനിക വിദ്യാഭ്യാസ രംഗത്തും തൊഴിൽ മേഖലയിലും പട്ടികവർഗ സമൂഹത്തിന് ഏറെ മുന്നേറാൻ സാധിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തും വൈജ്ഞാനിക പഠന മേഖലകളിലും വിദേശ പഠന കാര്യത്തിലും ഐ.റ്റി നിർമ്മിതബുദ്ധി സാങ്കേതിക മേഖലകളിലും, ഏവിയേഷൻ, ഓട്ടോ മൊബൈൽ തുടങ്ങിയ നൈപുണ്യ പരിശീലനത്തിലും, ആരോഗ്യ രംഗത്തും തുടങ്ങിയ എല്ലാ മേഖലകളിലും കൂടുതൽ പഠനാവസരങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചതിലൂടെ ജീവിത സാഹചര്യങ്ങളിൽ നിർണായകമായ പുരോഗതി വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>വാർഷിക പദ്ധതികളിൽ കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിക്കുന്നതുമൂലം വിദ്യാഭ്യാസ പുരോഗതി കൈവരിക്കാനും അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു. നൈപുണ്യ വികസനം, വ്യോമയാന മേഖലയിലെ പരിശീലനത്തിനായി 'വിങ്സ്' പദ്ധതിയും, നിർമ്മാണ മേഖലയിൽ 'ഗോത്ര ജീവിക' പദ്ധതിയും തൊഴിലുറപ്പ് പദ്ധതിയിൽ നൽകുന്ന തൊഴിൽ ദിനങ്ങൾക്ക് പുറമെ വകുപ്പിന്റെ ട്രൈബൽ പ്ലസ് പദ്ധതി മുഖേന തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | **ഭൂമിവിതരണം, SAFE പദ്ധതികൾ മുഖേന കൂടുതൽ പേർക്ക് ഭൂമി വിതരണം ചെയ്യാനും, വീടുകൾ വാസയോഗ്യമാക്കാനും, ഇടമലക്കുടി പാക്കേജ്, അംബേദ്കർ ഡെവലപ്മെന്റ് പദ്ധതി, വകുപ്പിന്റെ കോർപ്പസ് ഫണ്ട് എന്നിവയിലൂടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമൂലം യാത്രാക്ലേശം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാനും സാധിച്ചിട്ടുണ്ട്. അതിക്രമങ്ങൾ തടയുന്നതിനും ഭരണഘടനാപരമായ അവകാശങ്ങൾ ഉറപ്പാക്കുന്നതിനുമായി നിയമ സഹായം നൽകുന്നതിനും സാധിച്ചിട്ടുണ്ട്. ഗോത്ര കലകളുടെയും ഉൽപ്പന്നങ്ങളുടെയും പ്രദർശനത്തിനായി 'ഗദ്ദിക' മേളകൾ വിജയകരമായി സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.**<br><br>**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനം കാര്യക്ഷമമാക്കുന്നതിനായി നിലവിൽ പ്രീമെട്രിക്-പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ, സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം, ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലെന്റ് സേർച്ച് & ഡെവലപ്മെൻറ് സ്കോളർഷിപ്പ്, വിദ്യാവാഹിനി പദ്ധതി, എം.ആർ.എസുകൾ, പ്രീ/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്മാർട്ട് പഠനമുറികൾ, ഗോത്രബന്ധു പദ്ധതി, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം, സാമൂഹിക പഠനമുറികൾ, ലാപ്പ്ടോപ്പ് വിതരണം, അന്യസംസ്ഥാന പഠനം, വിദേശപഠനത്തിനുള്ള ധനസഹായം, സിവിൽ സർവീസ് പരിശീലനം, കൊമേഴ്‌സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്, PSC പരിശീലന പരിപാടി, എൻട്രൻസ് കോച്ചിങ്, ട്യൂട്ടോറിയൽ ഗ്രാൻറ് എന്നിവ വിജയകരമായി നടപ്പിലാക്കി വരുന്നു. ആരോഗ്യമേഖലയിൽ സമഗ്ര ആരോഗ്യ സുരക്ഷ, ജനനി ജന്മരക്ഷ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം, ഏകവരുമാനദായകൻ മരണപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ധനസഹായം എന്നിവയും നടപ്പിലാക്കി വരുന്നു. വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം എന്നീ മേഖലകളിൽ വലിയ കുതിച്ചുചാട്ടം നടത്താനും പട്ടികവർഗ്ഗ സമൂഹത്തെ മുഖ്യധാരയിലേക്ക് എത്തിക്കാനും സാധിച്ചിട്ടുണ്ട്.** |
| (ബി) | പട്ടികവർഗ്ഗ യുവാക്കളുടെ വിദ്യാഭ്യാസവും നൈപുണ്യ വികസനവും ലക്ഷ്യമാക്കി നടപ്പിലാക്കിയ വിവിധ പദ്ധതികൾ അവരുടെ പുരോഗതിയിൽ എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വിശദീകരിക്കുമോ; | (ബി) | അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവാക്കൾക്ക് അവരവരുടെ താല്പര്യമനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല പരിശീലനങ്ങൾ അംഗീകൃത പരിശീലന |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയോ ചെയ്യുന്നതിന് ചുവടെ പരാമർശിക്കും പ്രകാരം ആധുനിക തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ നടത്തി വരുന്നുണ്ട്. കൂടാതെ TRACE(Training for Career Excellence) പദ്ധതിയുടെ ഭാഗമായി സർക്കാർ മേഖലയിൽ നിരവധി പട്ടിക വർഗ്ഗ യുവതി യുവാക്കൾ മികച്ച ഹോണറേറിയം നിരക്കിൽ സേവനമനിഷ്ഠിച്ചുവരുന്നു.<br><br>ഏവിയേഷൻ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ<br><br>ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ<br><br>ഡിജിറ്റൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ<br><br>ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിലെ പരിശീലനങ്ങൾ.<br><br>നിർമാണ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ<br><br>അഭിഭാഷക ധനസഹായ പദ്ധതി<br><br>പൈലറ്റ് പരിശീലന ധനസഹായ പദ്ധതി<br><br>സിവിൽ സർവീസ് പരിശീലന ധനസഹായ പദ്ധതി<br><br>ട്രൈബൽ പാരാമെഡിക് ട്രെയിനി പദ്ധതി<br><br>ഉന്നതി - വിദേശ പഠന സഹായ പദ്ധതി<br><br>സർക്കാർ മേഖലകളിലെ തൊഴിൽ മേഖലകൾ പരിചയപെടുന്നതിന്റ ഭാഗമായി സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ബിരുദധാരികളായ അക്രെഡിറ്റഡ് എഞ്ചിനീയർമാരെയും നിയമിച്ചു പരിശീലനം നൽകി വരുന്നു. |
| (സി) | സംസ്ഥാന സർക്കാരിന് കടമെടുക്കുന്നതിന് കേന്ദ്ര സർക്കാർ അനാവശ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്ന കാലഘട്ടത്തിലും പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ഇ-ഗ്രാന്റ്സ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാന സർക്കാരിന് കടമെടുക്കുന്നതിന് കേന്ദ്ര സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്ന കാലഘട്ടത്തിലും പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ഇ-ഗ്രാൻറ്സ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സംസ്ഥാന സർക്കാർ വിഹിതം ആയി നൽകി മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട് . 2025-26 സാമ്പത്തിക വർഷം 2225-02-277-98-12- പോസ്റ്റ്മെട്രിക് |

| | | | |
|---|---|---|---|
| | | | (നോൺ പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 6.30 കോടി രൂപ ഈ സാമ്പത്തിക വർഷത്തിൻ്റെ ആദ്യം തന്നെ വിദ്യാർത്ഥികൾക്ക് അനുവദിച്ചു നൽകുകയും തുടർന്ന് അധിക ധനാനുമതിയിലൂടെ മൂന്ന് ഘട്ടങ്ങളിലായി ആകെ 27 കോടി രൂപ (10+10-7)അനുവദിച്ച് നൽകുകയും ആയതിൽ 20 കോടി രൂപ പൂർണ്ണമായും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്. ശേഷിക്കുന്ന 7 കോടി രൂപ വിദ്യാർത്ഥികൾക്ക് അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | അന്താരാഷ്ട്ര തലത്തിൽ അറിയപ്പെടുന്ന സർവ്വകലാശാലകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തിനും കോമേഴ്സ്യൽ പൈലറ്റ് പരിശീലനത്തിനുമായി നൽകിവരുന്ന സഹായം പത്ത് വർഷക്കാലമായി മുടക്കം കൂടാതെ തുടരുന്നതിനായി കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദേശ പഠനത്തിനും കോമേഴ്സ്യൽ പൈലറ്റ് പരിശീലനത്തിനുമായി നൽകിവരുന്ന സഹായം പത്ത് വർഷക്കാലമായി മുടക്കം കൂടാതെ നല്കി വരുന്നുണ്ട്.<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് കൊമേഴ്സ്യൽ പൈലറ്റ് പരിശീലനത്തിനായി സ്കോളർഷിപ്പ് അനുവദിച്ച് വരുന്നു. 2016 മുതൽ നാളിതുവരെ 14 വിദ്യാർത്ഥികൾക്കായി 2,84,35,670/-രൂപ സ്കോളർഷിപ്പ് ഇനത്തിൽ പട്ടികജാതി വികസന വകുപ്പും, 2013-14 മുതൽ 2024-25 വരെ 6 വിദ്യാർത്ഥികൾക്കായി 62,44,000/-രൂപ പട്ടികവർഗ്ഗ വികസന വകുപ്പും അനുവദിച്ചിട്ടുണ്ട്.<br><br>വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ് ഇനത്തിൽ കഴിഞ്ഞ പത്ത് വർഷ കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 944 വിദ്യാർത്ഥികൾക്ക് 233,69,96,043/-രൂപ പട്ടികജാതി വികസന വകുപ്പും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 80 വിദ്യാർത്ഥികൾക്ക് 16,73,32,659/-രൂപ പട്ടികവർഗ്ഗ വികസന വകുപ്പും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ